# മാർ മാത്യൂസ് യു പി സ്കൂൾ  മീൻമുട്ടി

**1983 -2025**

## കലയന്താനി പി ഓ

## തൊടുപുഴ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025 -2026**

# സമഗ്ര വിദ്യാലയ വികസന പദ്ധതി

## ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ
2. ലക്ഷ്യങ്ങൾ
3. ചരിത്രം
4. മികവുകൾ
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനം
6. പദ്ധതി വിശദാംശംങ്ങൾ മേഖല ഉപമേഖല ലക്ഷ്യം പ്രവർത്തനങ്ങൾ കാലം ചുമതല സാമ്പത്തിക വിശകലനം
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിറ്ററിങ്
9. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മാർ മാത്യൂസ് യു പി സ്കൂൾ മീൻമുട്ടി |
| വിലാസം | : | കലയന്താനി പി ഓ തൊടുപുഴ,685588 |
| ഫോൺ | : | 04862 227904 |
| സ്കൂൾ കോഡ് | : | 29327 |
| റവന്യൂ ജില്ല | : | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | : | തൊടുപുഴ |
| ബി ആർ സി | : | തൊടുപുഴ |
| സി ആർ സി | : | ഇടവെട്ടി |
| ഗ്രാമപഞ്ചായത്ത് | : | ഇടവെട്ടി |
| ബ്ലോക്ക് പഞ്ചായത്ത് | : | തൊടുപുഴ |
| ജില്ലാ പഞ്ചായത്ത് | : | ഇടുക്കി |
| നിയമസഭാ മണ്ഡലം | : | തൊടുപുഴ |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| താലൂക്ക് | : | തൊടുപുഴ |
| വില്ലേജ് | : | കാരിക്കോട് |
| ഇമെയിൽ | : | hmmeenmutty@gmail.com |

# പൊതുലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നു.
- ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് അവരുടെ സമഗ്ര വികസനം ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും മലയാളം ഇംഗ്ലീഷ് ഹിന്ദി തുടങ്ങിയ ഭാഷകൾ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾ ഓരോ കുട്ടിയിലും എത്തിയെന്ന് ഉറപ്പു വരുത്തുക..
- എല്ലാ കുട്ടികൾക്കും സമഗ്രവും ഗുണമേന്മയുള്ളതും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.
- സ്വഭാവത്തിലും പെരുമാറ്റത്തിലും മാന്യത പുലർത്തുന്ന എല്ലാവരാലും പ്രശംസിക്കപ്പെടുന്ന ഉത്തമ പൗരന്മാരായി ഓരോരുത്തരെയും വളർത്തിയെടുക്കുക.
- കലാ, കായിക, ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തി പരിചയ മേളകളിൽ മത്സരിക്കാനും വിജയിക്കാനും പ്രാപ്തരാക്കുക.

## ആമുഖം

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇടവെട്ടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മീൻമുട്ടി മാർ മാത്യൂസ് യു പി സ്കൂൾ കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്നു 9 അദ്ധ്യാപകരും ഒരു അനദ്ധ്യാപകനും ഉൾപ്പെടെ 10 സ്റ്റാഫ് അംഗങ്ങളും 67 ആൺകുട്ടികളും 48 പെൺകുട്ടികളും അടക്കം 115 കുട്ടികളും ഇവിടെ അധ്യയനം നടത്തുന്നു.

1983 ൽ പ്രവർത്തനം ആരംഭിച്ച മീൻമുട്ടി യു പി സ്കൂളിൽ 3 ക്ലാസ്സുകളിലായി 6 ഡിവിഷനുകൾ നിലനിൽക്കുന്നു. പഠനരംഗത്തും പാഠ്യേതര രംഗത്തും മികവ് പുലർത്തുന്ന ഈ സ്കൂളിന് മാനേജ്മെൻറ്, പി ടി എ, നാട്ടുകാർ, പൂർവ്വ വിദ്യാർഥികൾ ഇവരുടെ അകമഴിഞ്ഞ സഹകരണം ഉണ്ട്. കോതമംഗലം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി തൊടുപുഴ ഉപജില്ലാ ഇവയിൽ നിന്നും ബെസ്റ്റ് സ്കൂൾ അവാർഡ് ലഭിച്ചിട്ടുണ്ട്. ഈ സ്കൂൾ ഹെഡ് മിസ്ട്രസ് ആയിരുന്ന ആനി ജോസിന് സംസ്ഥാന അദ്ധ്യാപക അവാർഡ് ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ല കാർഷിക വകുപ്പിൽ നിന്ന് ബെസ്ററ് സ്കൂൾ, ബെസ്ററ് ടീച്ചർ, മികച്ച കുട്ടികർഷകൻ എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ വനമിത്ര അവാർഡ് 2019 -ൽ കരസ്ഥമാക്കിയിട്ടുണ്ട്.

## ചരിത്രം

### മീൻ മുട്ടിയുടെ ഉത്ഭവം

18-ആം നൂറ്റാണ്ടിൽ വടക്കുംകൂർ രാജ്യത്തിൻറെ നിബിഡ വനപ്രദേശമായി മാറിയ കരിക്കോട് - വെള്ളിയാമറ്റം പെരുവഴി പ്രദേശങ്ങളിലേക്ക് മനുഷ്യ പാദസ്പർശനത്തിന് നാന്ദി കുറിച്ച സംഭവമായിരുന്നു. യൂറോപ്യന്മാരുടെ റോഡ് നിർമ്മാണം. 1750 മുതൽ വന്യമൃഗങ്ങളുടേയും പാണ്ടിക്കാരായ തീവെട്ടികൊള്ളക്കാരുടെയും വിഹാരരംഗം ആയിരുന്ന വന പ്രദേശങ്ങൾ ക്രമേണ റബ്ബർ എസ്റ്റേറ്റുകളായി മാറി ഈ റബ്ബർ എസ്റ്റേറ്റുകളോട് ഓരം ചേർന്ന് വൻകിട എസ്റ്റേറ്റുകാർ കൈവശമാക്കാത്ത വനഭൂമിയിലേക്കാണ് 1903 നോടുകൂടി മീൻമുട്ടിയിലെ പൂർവികൻ മാർ കുടിയേറിയത് കടത്തുവള്ളവും കാൽനടയും മാത്രമായിരുന്നു സഞ്ചാരമാർഗ്ഗം. തെരുവ ആയിരുന്നു വരുമാനമുള്ള ഏക കൃഷി. കൃഷിപ്പണികൾ പരസ്പരം സഹായിച്ചു ചെയ്യുന്ന രീതി ആയിരുന്നു. ഒരാളുടെ പറമ്പിൽ എല്ലാവരും കൂടി ഇന്ന് പണിതാൽ നാളെ എല്ലാവരും കൂടി അടുത്ത ആളുടെ പറമ്പിൽ, അതായിരുന്നു രീതി .

### മീൻ മുട്ടി എന്ന പേര്

കുടിയേറ്റ പ്രദേശങ്ങളുടെ ഏറ്റവും മുകൾ ഭാഗത്താണ് പൂച്ചയുടെ ആകൃതിയിലുള്ള ചക്കിട്ടുപാറ . ഈ പാറയിൽ നിന്നും ഏകദേശം 50 അടി ഉയരത്തിൽ താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടം ഉണ്ട് . കുടിയേറ്റ സമയത്തു ഇന്നത്തെപോലെ ചെറിയ നീരൊഴുക്ക് ആയിരുന്നില്ല. ശക്തമായ വെള്ളച്ചാട്ടം ആയിരുന്നു. ഇതിനെ തുടർന്ന് താഴേക്ക് ഒഴുകുന്ന തോട്ടിൽ നിന്നും ധാരാളം മീനുകൾ മുകളിലേക്ക് നീന്തി ചെല്ലുന്നത് ആളുകൾ ശ്രദ്ധിച്ചു. എന്നാൽ വെള്ളച്ചാട്ടത്തിലുള്ള കുത്തനെയുള്ള പാറക്കെട്ടിൽ എത്തുമ്പോൾ മീനുകൾ മുൻപോട്ട് പോകാനാകാതെ വഴി മുട്ടി നിൽക്കുന്ന തായി അന്നത്തെ ആളുകൾ കണ്ടു. മീൻ വഴി മുട്ടിനിൽക്കുന്ന പ്രദേശം മീൻമുട്ടി ആയി. കുടിയേറ്റക്കാരുടെ എണ്ണവും വിസ്തൃതിയും വർദ്ധിച്ചതോടെ മീൻമുട്ടി വിസ്തൃതമാകുകയും ആ പേരിൽ ഒരു ഗ്രാമം തന്നെ രൂപം കൊള്ളുകയും ചെയ്തു. ക്രൈസ്തവർ താമസിച്ചിരുന്ന മീൻ മുട്ടി അന്ന് ഒരു ക്രൈസ്തവ ഗ്രാമം ആയിരുന്നു.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
| --- | --- | --- |
| സ്കൂൾ അസംബ്ലി<br>ഭാഷാശേഷി വികസനം<br>സർഗാത്മക രചന<br>ഗ്രന്ഥശാല ശാക്തീകരണം<br>ദിനാചരണങ്ങൾ<br>എഴുത്തുകൂട്ടം<br>വായനക്കൂട്ടം<br>ഭാഷാദിനം<br>അക്ഷരക്കൂട്ടം<br>കൂട്ടുകാർക്കൊരു കൈത്താങ്ങ്<br>കൈയ്യെഴുത്തുമാസിക<br>പഠനക്യാമ്പുകൾ<br>പോസ്റ്റർ നിർമ്മാണം<br>ലൈബ്രറി പ്രവർത്തനം<br>ശാസ്ത്ര പ്രദർശനം<br>പത്രനിർമ്മാണം<br>നാടൻ കളികൾ<br>ജന്മദിന പൂച്ചെടി<br>കലാകായികമേള<br>പോഷകാഹാര പരിപാടി ജൈവവൈവിധ്യ പാർക്ക്<br>പി ടി എ, സി പി ടി എ, എസ് ആർ ജി<br>പൂർവ്വ വിദ്യാർത്ഥി സംഘടന | കളിസ്ഥലം<br>ചുറ്റുമതിൽ<br>ക്ലാസ്സ്മുറി<br>ഡൈനിങ് ഹാൾ<br>അസംബ്ലി ഹാൾ<br>സ്കൂൾ ബസ്<br>കൃഷി തോട്ടം<br>കുട്ടികളുടെ പാർക്ക് | കൂട്ടുകാർക്ക് ഒരു കൈത്താങ്ങ്<br>രോഗി സന്ദർശനം<br>അനാഥാലയ സന്ദർശനം<br>പ്രാദേശിക പി ടി എ<br>പൂർവ്വവിദ്യാർഥി സംഗമം<br>പൂർവ്വാദ്ധ്യാപക സംഗമം |

പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയ പ്രവേശന നിരക്ക് വർ വർദ്ധിക്കുന്നു.
- സ്കൂൾ, സമൂഹത്തിന്റെയാണെന്ന് ഉറപ്പ് വരുത്തുന്നു
- ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- ഭൗതീക അന്തരീക്ഷം മെച്ചപ്പെടുത്താൻ കഴിയുന്നു.

മോണിട്ടറിങ്

- വിദ്യാഭ്യാസ ഓഫീസർ, എസ് എസ് കെ
- പി ടി എ, എം പി ടി എ, എസ് ആ ർ ജി
- ഹെഡ്മാസ്റ്റർ എസ് ആർ ജി

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയുടെ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഇതിൽ പങ്കാളികളായികൊണ്ട് നമ്മുടെ വിദ്യാലയത്തിൻറെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# മേഖല: അക്കാദമികം. ഉപമേഖല: വായന പരിപോഷണം (മലയാളം)

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.<br>ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾഅവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ | |
| 2.<br>പഠിതാവിൽ അർഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **ഭാഷ കേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | **വാർത്താ ലോകത്തേക്ക്**<br>ആഴചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | |
| | **വാർത്താ വായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് വാർത്താ വായനക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം അദ്ധ്യാപകർ | |
| | അതത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ്സ് മൽസരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവിശ്യം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ് |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും അനുകൂലമനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ, എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവിശ്യം | മലയാളം അദ്ധ്യാപകർ ഹെഡ്മാസ്റ്റർ | പി ടി എ |
| സർഗ്ഗാൽമക ശേഷി വളർത്തൽ | **സ്കൂൾ മാഗസിൻ**<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗൽമക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം:**<br>**പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസ്സെംബ്ലിയിൽ അവതരിപ്പിക്കൽ നൽകുന്നു.** | ഓരോ ആഴ്ചയിലും | പി ടി എ മലയാളം ക്ലബ് | മലയാളം അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| 29327- കുട്ടികളുടെ എഫ്. എം അവതരണ മികവ് | **മാർ മാത്യൂസ് എഫ് എം എല്ലാ ദിവസവും പ്രത്യേകിച്ച് വിശേഷ ദിനങ്ങളിലും കഥകൾ, കവിതകൾ, നാടൻ പാട്ടുകൾ, ജീവചരിത്രകുറിപ്പ്, പ്രസംഗം, ചിന്താവിഷയം വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനകുറിപ്പ് തയ്യാറാക്കി അവതരണം**<br>**ഓരോ ആഴ്ചയിലും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.** | എല്ലാ ദിവസവും ഉച്ചക്ക് | ക്ലാസ് ലീഡർ,<br><br>സ്കൂൾ ലീഡർ,<br><br>മലയാളം അദ്ധ്യാപകർ | വിവിധ ക്ലബുകൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
|---|---|---|
| വായനാ ശേഷി ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക | ചിത്രങ്ങൾ വീഡിയോകൾ ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക .ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക. | ജൂൺ മുതൽ മാർച്ച് |
| എഴുത്ത് ശേഷി : അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക | വിദ്യാർഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം , വായനാ എഴുത്ത് എന്നിവ പരിശീലിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് |
| പദസമ്പത്ത് വികസിപ്പിക്കൽ അടിസ്ഥാന പരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. | പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ അഞ്ച് വാക്കുകൾ കഥ, കവിത പുസ്തകങ്ങളിൽ നിന്ന് ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് |
| ദിനചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച് ചെറിയ വിവരണങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക | ആശയ വിനിമയ ശേഷി ക്ലാസ് തലം, സ്കൂൾ തലം അറബിക് മേള | ജൂൺ മുതൽ മാർച്ച് |
| കുട്ടികളുടെ സർഗ്ഗൽമക ശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ, ലഘുകവിതകൾ കഥകൾ സംഭാഷണം പദപ്രശ്നം കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കൈയെഴുത്ത് മങ്ങഴിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# യു പി ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷരം ഉറപ്പിക്കൽ | പുതിയ പദങ്ങൾ പദ്യങ്ങൾ കഥകൾ എന്നിവയിലൂടെ ഹിന്ദി അക്ഷരങ്ങൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ച് ഭാഷ പഠിപ്പിക്കും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |
| 2. ഹിന്ദി ഭാഷയിലുള്ള താൽപര്യം വളർത്തുക, അക്ഷരങ്ങൾ പഠിപ്പിച്ചെടുക്കുക | പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. ഹിന്ദി ചിത്ര കഥ പുസ്തകം C D ഇവ ഉപയോഗിക്കും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |
| 3. ഹിന്ദി സംസാരം<br>നിത്യജീവിതത്തിൽ ആവശ്യം അറിഞ്ഞിരിക്കേണ്ട വാക്കുകൾ ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കും | ക്ലാസ്സുകളിൽ കുട്ടികൾക്കുവേണ്ട നിർദേശങ്ങൾ ഹിന്ദിയിൽ വിശദീകരിക്കും. ഹിന്ദി സംസാരത്തിന് പ്രധാന്യം നൽകും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |
| 4. ഹിന്ദി മൽസരങ്ങൾ | ഹിന്ദിയിൽ പാടാനും സംസാരിക്കാനും എഴുതാനും പ്രോൽസാഹിപ്പിക്കും<br>അതിനായി മൽസരങ്ങൾ നടത്തും<br>കഥാപൂരണം, കവിതാരചന പ്രസഗം, കവിതപരായണം, മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |
| 5. ദിനാചരണങ്ങൾ | ഹിന്ദി ദിനം, പരിസ്ഥിതി ദിനം ശിശു ദിനം തുടങ്ങിയ ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |
| 6. ഹിന്ദി ക്ലബ് | ഹിന്ദി ഭാഷയിൽ കൂടുതൽ പ്രവീണ്യം നേടുന്നതിനും മൽസരങ്ങൾ മുതലായവ നടത്തുന്നതിനും ഹിന്ദി ഭാഷ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന്നും ഹിന്ദി ക്ലബ് രൂപീകരിക്കും | ജൂൺ മുതൽ മാർച്ച് | ഹിന്ദി അദ്ധ്യാപിക |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## മേഖല:ഗണിതം

| പ്രശ്നങ്ങൾ/ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 5,6,7ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതശേഷികൾ വികസിപ്പിക്കുന്നതിനും അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനും | 1-12വരെയുള്ള ഗുണനപട്ടികകൾ സ്വയത്തമാക്കാൻ,<br><br>ചതുഷ്ക്രിയകളുടെ പരിശീലനം ഗ്രൂപ്അടിസ്ഥാനത്തിൽ വിലയിരുത്തൽ<br><br>-പരസ്പരം<br><br>-അദ്ധ്യാപകർ | ജൂൺ മുതൽ ഓഗസ്റ്റ്<br><br>ജൂൺ മുതൽ മാർച്ച് | ഗണിത അദ്ധ്യാപകർ<br><br>ഗണിതക്ലബ് |
| ഗണിതപഠനം ആകർഷകമാക്കാൻ | ഭിന്ന സംഖ്യ- മനസിലാക്കൽ ക്രിയകൾ<br>സങ്കലനം<br>വ്യവകലനം<br>ഗുണനം<br>ഹരണം എന്നിവ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | ഓഗസ്റ്റ് മുതൽ മാർച്ച് | ഗണിത അദ്ധ്യാപകർ<br><br>ഗണിത ക്ലബ് രക്ഷിതാക്കൾ |
| | ചുറ്റളവ്,പരപ്പളവ്, വ്യാപ്തം എന്നീ ആശയങ്ങൾ ഉറപ്പിക്കുന്നു | സെപ്റ്റംബർ മുതൽ ഡിസംബർ | ഗണിത അദ്ധ്യാപകർ രക്ഷിതാക്കൾ |
| ഗണിതപഠനം രസകരവും ആകർഷകവും ആക്കാൻ | ഗണിതക്ലബ് ശാക്തീകരണം | ജൂൺ മുതൽ മാർച്ച് | ഗണിത അദ്ധ്യാപകർ ഗണിതക്ലബ് |
| ഗണിത പ്രതിഭകളെ കണ്ടെത്താനും, വളർത്താനും | ഗണിത ശാസ്ത്ര മേള,<br>ഗണിത മാഗസിൻ<br>MATHS TALENT SEARCH EXAM PREPARATION | ജൂലൈ മുതൽ മാർച്ച് വരെ | ഗണിത അദ്ധ്യാപകർ മാനേജ്മെന്റ് ഗണിത ക്ലബ് രക്ഷിതാക്കൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## മേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ഓരോ പഠിതാവിനും അവസരം നൽകുന്നു<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | ജൂൺ അക്കാദമിക വർഷാരംഭം | | സാമൂഹ്യ അദ്ധ്യാപകർ |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.<br><br>3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക.<br>4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയുംരക്ഷാപ്രവർത്തനങ്ങളിൽ എർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| 5) സഹജീവികളോട് സമഭാവനവളർത്തി എടുക്കാൻപ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| 6) വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോ ഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ | | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിൻ്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. വിവിധ മൽസര പരീക്ഷകൾക്ക് പ്രാപ്തരാകും വിധം വിവിധ പ്രോഗ്രാമുകൾ (quiz, vedios) നടത്തുന്നു | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |

## A M P 2025-2026: SUB: ENGLISH: MMUPS MEENMUTTY

| PROBLEMS | REMEDIAL ACTIONS | PERIOD | AGENCY |
|---|---|---|---|
| Effective pronunciation | Audio video clipping on correct pronunciation, ICT facilities, video clipping | 2025-26 | SSK/PTA/ TEACHERS |
| Lack of Communication skill | Dramatization of stories and enacting them. Conducting debates and seminars. Conducting English fest, formation of English club, English Assembly Developing translation skills. | 2025-26 | SSK, TEACHERS |
| Addressing slow pace learners | Special coding classes for slow pace learners | 2025-26 | SSK/BRC |
| Insufficient vocabulary | Word games, word study using computers, spelling contests, making cross word puzzles dictionary making using words of the text book. | 2025-26 | SSK, TEACHERS |
| Defective sentence pattern | Making sentence cards, using sentence cards in class room, correct sentence structure with ICT facilities (conversation). | 2025-26 | SSK, TEACHERS |
| Eligible hand writing | Writing with ICT facilities. | 2025-26 | TEACHERS |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രരംഗത്തെ തിരിച്ചറിയൽ | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു<br>പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു, പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര ആദ്ധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക , ശാസ്ത്രോപകരണം കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **ശാസ്ത്രോൽസവം**<br>ശാസ്ത്ര ക്ലബ്, ആരോഗ്യ ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട പ്രോജക്റ്റ് തയ്യാറാക്കി റിപോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.5,6,7. ക്ലാസ്സുകളിലെ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോൽസവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ആദ്ധ്യാപകർ | |
| | **ശാസ്ത്ര വിസ്മയചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര ആദ്ധ്യാപകർ | |
| | **ശാസ്ത്ര ദർശനം**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര ആദ്ധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനം | ചുമതല |
|---|---|---|
| സാമൂഹിക സേവനം മനസിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെകൊണ്ട് ക്ലാസ് സംഘടിപ്പിക്കുക,<br>• പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം, രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം,<br>• രോഗികൾക്ക് ഓണം ബക്രീദ് ക്രിസ്തുമസ് ദിവസങ്ങളിൽ കിറ്റ് വിതരണം<br>• പാട്ട്, പ്രസംഗം,നാടകം എന്നിവയിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപ പ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുക,<br>• പണം ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക | പൂർവ്വ വിദ്യാർഥി സ്കൂൾ ഫണ്ട്<br><br>മാനേജ്മെൻറ് സാമൂഹിക പ്രവർത്തകർ |
| ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | • ക്ലാസ് സംഘടിപ്പിക്കുക ജൈവവൈവിദ്യങ്ങളെപ്പറ്റി അവബോധം നൽകൽ,<br>• പഠനയാത്ര, ജൈവവൈവിദ്യ പാർക്ക്,<br>• ജന്തു ജന്യ ജീവികളെ സംരക്ഷിക്കുന്നതിന് പർക്ക് നിർമ്മാണം<br>• അക്വേറിയം കുളം, കിളികൂട് തണ്ണീർ തടം തണൽമരം നടൽ | രക്ഷിതാക്കൾ |